# നീയൊരിക്കൽ Neeyorikkal Lyrics in Malayalam

നീയൊരിക്കൽ എന്റെ മുറിയിൽ
ജനലിനരികിലെ നേർത്തൊരഴയിൽ
ഈറന്നൂറാനിട്ട കുപ്പായം

ഇന്നുമവിടെ വെയിൽ മറച്ചു നിഴൽ പരത്തുന്നു
വെളിച്ചം പകുതിയെത്തി മടിച്ചു നിൽക്കുന്നു
ഇന്നുമവിടെ വെയിൽ മറച്ചു നിഴൽ പരത്തുന്നു
വെളിച്ചം പകുതിയെത്തി മടിച്ചു നിൽക്കുന്നു

തണലു തോറും വാടി വീഴും
ഇലകളൊക്കെ കാറ്റു ചെന്നി
ട്ടരുമയോടെയെടുത്തു മാറ്റുന്നു

ഇന്നുമവിടെ വെയിൽ മറച്ചു നിഴൽ പരത്തുന്നു
വെളിച്ചം പകുതിയെത്തി മടിച്ചു നിൽക്കുന്നു

എന്ന പോലെ പതിയെ എന്റെ
Bharatlyrics.com
നനഞ്ഞൊരോർമ്മയെ
മറവി കൊണ്ടു മടക്കി വയ്ക്കു നീ
മറവി കൊണ്ടു മടക്കി വയ്ക്കു നീ

പണ്ടൊരിക്കൽ നീലമഷിയാൽ
എന്റെ ചുവരിൽ നീ വരച്ച
രണ്ടു പേരിരിക്കും സങ്കല്പം

മാഞ്ഞു പോവാതിന്നുമവിടെ ഉണങ്ങി ഇറ്റുന്നു
വീടിൻ ചന്തമൊക്കെയൊലിച്ചു പോകുന്നു
വീടിൻ ചന്തമൊക്കെയൊലിച്ചു പോകുന്നു
വീടിൻ ചന്തമൊക്കെയൊലിച്ചു പോകുന്നു

ശിശിരമേറ്റു തളർന്നു നിൽക്കും
ശിഖരമാകെ വസന്തകാലം
സുഭഗമായി നിറം തളിക്കുന്നു
സുഭഗമായി നിറം തളിക്കുന്നു

ശിശിരമേറ്റു തളർന്നു നിൽക്കും
ശിഖരമാകെ വസന്തകാലം
സുഭഗമായി നിറം തളിക്കുന്നു

എന്ന പോലെ പുതിയ ചായമുലച്ചു പൂശി
പ്രതലമൊക്കെ മിനുക്കി വയ്ക്കു നീ
പ്രതലമൊക്കെ മിനുക്കി വയ്ക്കു നീ
പ്രതലമൊക്കെ മിനുക്കി വയ്ക്കു നീ

നനഞ്ഞ നിഴലുകളിടയ്ക്കു മുറിയിൽ കനച്ചു പൊങ്ങുന്ന
ഋതുക്കൾ മാറി വരുമ്പോൾ ചുവരിൽ നമ്മൾ തെളിയുന്ന

പുണർന്നു യാത്ര പറഞ്ഞിട്ടും
പിരിഞ്ഞു മാറാ യാത്രികർ

ദൂരം മറന്നു പോകുന്നു
സമയം നടന്നു നീങ്ങുന്നു
ഭാരം കൊഴിഞ്ഞു വീഴുന്നു

അങ്ങനെ അദൃശ്യമായൊരു വലയിൽ
പ്രണയികൾ കുരുങ്ങി നിൽക്കുന്നു
എന്നും കുരുങ്ങി നിൽക്കുന്നു

ദൂരം മറന്നു പോകുന്നു
സമയം നടന്നു നീങ്ങുന്നു
ഭാരം കൊഴിഞ്ഞു വീഴുന്നു

ദൂരം മറന്നു പോകുന്നു
സമയം നടന്നു നീങ്ങുന്നു
ഭാരം കൊഴിഞ്ഞു വീഴുന്നു

ദൂരം മറന്നു പോകുന്നു
സമയം നടന്നു നീങ്ങുന്നു
ഭാരം കൊഴിഞ്ഞു വീഴുന്നു.

BHARAT lyrics

*More Lyrics from [Ithiri Neram]*